47281

കേരള സർക്കാർ

<u>സംഗ്രഹം</u>

വനം, വന്യജീവി വകുപ്പ് -- കോതമംഗലം ഡിവിഷനിലെ കോതമംഗലം റെയിഞ്ചിൽപ്പെട മുണ്ടൻമുടി 6, 7 കൂപ്പുകളിൽ നിന്നിരുന്ന ഈടി മരങ്ങൾ മുറിച്ച് തടിയും വിറകുമായി സർക്കാർ ഡിപ്പോയിൽ എത്തിക്കുന്നതിനുണ്ടായ ചെലവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം, വന്യജീവി (ബി) വകുപ്പ്

ജി.ഒ(ആർ.ടി) 442/93/വനം. തീയതി, തിരുവനന്തപുരം 13-10-93.

---

പരാമർശം: ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ 13-11-91ലെയും 23-3-1992 ലെയും സി5-25109/87 നമ്പർ കത്തുകൾ.

## <u>ഉത്തരവ്</u>

കോതമംഗലം റെയിഞ്ചിൽപ്പെട മുണ്ടൻമുടി 6, 7 കൂപ്പുകളിൽ നിന്നിരുന്ന ഈടിമരങ്ങൾ മുറിച്ച് 8.919 ക്യൂബിക് മീറ്റർ ഈടിത്തടിയും 5.500 മെട്രിക് ടൺ ഈടി വിറകും ശേഖരിച്ച് മുടിക്കൽ ഡിപ്പോയിലിറക്കിയ ജോലിക്ക് ചെലവായിട്ടുള്ള 2,120 രൂപ 47 പൈസ ക്രമീകരിച്ച് ഉത്തരവാകണമെന്ന് പരാമർശക്കത്തുകളിൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ശുപാർശചെയ്തിരുന്നു. 1990-ൽ ചെയ്തുതീർത്ത ജോലിയുടെ മെമ്മോ ഓഫ് കോസ്റ്റ്സ് അംഗീകാരത്തിന് അയയ്ക്കാനുള്ള കാലതാമസത്തിന് വിശദീകരണവും ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അയച്ചുതരികയുണ്ടായി.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും കോതമംഗലം ഡിവിഷനിലെ കോതമംഗലം റെയിഞ്ചിൽ മുണ്ടൻമുടി 6, 7 കൂപ്പുകളിൽ നിന്നിരുന്ന ഈടി മരങ്ങൾ മുറിച്ച് തടിയും വിറകും ശേഖരിച്ച് മുടിക്കൽ ഡിപ്പോയിൽ ഇറക്കിയതിന് ചെലവായിട്ടുള്ള 2,120 രൂപ 47 പൈസയുടെ (രണ്ടായിരത്തി ഒരുനൂറ്റി ഇരുപതു രൂപ നാല്പത്തേഴ് പൈസ) മെമ്മോ ഓഫ് കോസ്റ്റ് അംഗീകരിച്ചു് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം. രാമൻകുട്ടി മേനോൻ,
ജോയിന്റ് സെക്രട്ടറി.

ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ.
അക്കൗണ്ടന്റ് ജനറൽ (എ ആന്റ് ഇ/ ആഡിറ്റ്) തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.